**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6142** **09-07-2024 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട് അപേക്ഷകളിന്മേലുള്ള തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | റിസ്ക് ഫണ്ടിനുള്ള അപേക്ഷ ലഭിച്ചാൽ തുക അനുവദിക്കാൻ നിലവിൽ എത്ര സമയമെടുക്കുമെന്ന് അറിയിക്കാമോ; | (എ) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ റിസ്ക് ഫണ്ട് ധനസഹായത്തിനുള്ള അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ അർഹതയുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ച് ധനസഹായം അനുവദിക്കുന്നതിന് നിലവിൽ ഒരു മാസം മുതൽ ആറ് മാസം വരെ സമയമെടുക്കാറുണ്ട്. ന്യൂനതയുള്ള അപേക്ഷകളിൽ ബാങ്ക്/ സംഘത്തിന് ന്യൂനത പരിഹരിക്കുന്നതിനുള്ള കത്ത് നല്കി, ന്യൂനത പരിഹരിച്ച ലഭ്യമാകുന്ന മുറയ്ക്കാണ് ധനസഹായം അനുവദിച്ചു നൽകുന്നത്. |
| (ബി) | എന്നുവരെ ലഭിച്ച അപേക്ഷകളിന്മേലാണ് നിലവിൽ തീരുമാനമെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | റിസ്ക് ഫണ്ട് ധനസഹായത്തിനായി ബോർഡിൽ ലഭിച്ച അപേക്ഷകളിൽ നിലവിൽ തീരുമാനമെടുത്തിട്ടുള്ളതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കണ്ണൂർ ജില്ലയിൽ എത്ര അപേക്ഷകളാണ് നിലവിൽ തീർപ്പ് കൽപ്പിക്കാൻ ബാക്കിയുള്ളതെന്ന് അറിയിക്കാമോ? | (സി) | കണ്ണൂർ ജില്ലയിൽ നിലവിൽ 1028 പുതിയ അപേക്ഷകൾ തീർപ്പുകല്പിക്കാൻ ബാക്കിനിലുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (21.05.2024) കണ്ണൂർ ജില്ലയിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി ആകെ 8272 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ 3293 അപേക്ഷകളിലായി 25.69 കോടി രൂപയുടെ ധനസഹായവും 21.05.2021 ന് മുമ്പുള്ള 2659 അപേക്ഷകളിലായി 16.87 കോടി രൂപയും ഉൾപ്പെടെ ആകെ 5952 അപേക്ഷകളിലായി 42.56 കോടി രൂപയുടെ ധനസഹായവും അനുവദിച്ചു നല്കിയിട്ടുണ്ട്. 315 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുണ്ട്. ന്യൂനതയുള്ള 3636 അപേക്ഷകളിൽ, ന്യൂനത പരിഹരിക്കുന്നതിനായി സമയബന്ധിതമായി നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നമ്പർ | ജില്ല | തീയതി |
|---|---|---|
| 1 | തിരുവനന്തപുരം | 20.04.2024 |
| 2 | കൊല്ലം | 30.04.2024 |
| 3 | പത്തനംതിട്ട | 31.03.2024 |
| 4 | ആലപ്പുഴ | 30.04.2024 |
| 5 | കോട്ടയം | 15.02.2024 |
| 6 | ഇടുക്കി | 31.01.2024 |
| 7 | എറണാകുളം | 31.01.2024 |
| 8 | തൃശ്ശൂർ | 31.01.2024 |
| 9 | പാലക്കാട് | 31.01.2024 |
| 10 | മലപ്പുറം | 31.01.2024 |
| 11 | കോഴിക്കോട് | 31.01.2024 |
| 12 | വയനാട് | 31.01.2024 |
| 13 | കണ്ണൂർ | 31.01.2024 |
| 14 | കാസർഗോഡ് | 31.01.2024 |